## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2567    17.08.2017 ൽ മറുപടിയ്ക്ക്

## പ്രായപൂർത്തിയാകാത്ത കുട്ടികളിൽ ലഹരിയുടെ ഉപയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. അബ്ദുറഹിമാൻ | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സ്കൂൾ കുട്ടികൾ ഉൾപ്പെടെയുള്ള പ്രായപൂർത്തിയാകാത്ത കുട്ടികളിൽ ലഹരിയുടെ ഉപയോഗം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സ്കൂൾ പരിസരത്തെ ലഹരി വസ്തുക്കളുടെ ഉറവിടം കണ്ടെത്തി നശിപ്പിക്കുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക പദ്ധതികൾ എന്തൊക്കെയാണ്; | (ബി) | വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിനുള്ളിൽ പുകയില ഉല്പന്നങ്ങളുടെ വില്പന നിരോധിച്ചിട്ടുള്ളതും ഇത് ലംഘിക്കുന്നവർക്കെതിരെ കോട്പ ആക്റ്റ് പ്രകാരം നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. മയക്കുമരുന്നുകളുടെയും ലഹരി വസ്തുക്കളുടെയും ഉൽപ്പാദനം, വിപണനം, ഉപയോഗം എന്നിവ നിയമപ്രകാരം നിരോധിച്ചിട്ടുണ്ട്. കൂടാതെ അബ്കാരി ആക്റ്റ്, എൻ.ഡി.പി.എസ് ആക്റ്റ്, എം.&റ്റി.പി ആക്റ്റ് & റൂൾ എന്നിവ പ്രകാരം അനധികൃത മദ്യ ലഹരി വിപണനത്തിനും, കൈവശം വയ്ക്കൽ, കടത്തൽ, ഉൽപ്പാദനത്തിനുമെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നു.<br>20/09/14 തീയതിയിലെ ജി.ഒ(പി) 155/14/നി.വ(എസ്.ആർ.ഒ.560/14), 27/12/16 തീയതിയിലെ ജി.ഒ(പി)112/16/നിവ (എസ്.ആർ.ഒ.788/16) എന്നീ ഗസറ്റ് വിജ്ഞാപനങ്ങൾ പ്രകാരം എക്സൈസ് വകുപ്പിലെ എക്സൈസ് ഇൻസ്പെക്ടർ മുതലുള്ള ഉദ്യോഗസ്ഥർക്ക് Cigarettes and other Tobacco Products(Prohibition of Advertisement and Regulation of Trade and Commerce, Production, Supply and Distribution) Act, 2003 ലെ സെക്ഷൻ |

| | | | |
|---|---|---|---|
| | | | 4.6,12,13,28 പ്രകാരം നടപടി എടുക്കുന്നതിന് അധികാരം നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ലഹരിക്കെതിരായ ബോധവൽകരണം കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനായി കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ വിമുക്തി എന്ന ബൃഹദ് സംരംഭം 6.10.2016 ലെ ജി.ഒ (എം.എസ്)94/16/നിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആരംഭിച്ചിട്ടുണ്ട്. വിമുക്തി മിഷനിലൂടെ ലഹരിക്കെതിരെ യുവത്വം എന്ന സന്ദേശമുയർത്തി സംസ്ഥാനത്തെ മുഴുവൻ സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെ വിവിധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. സ്കൂൾ ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെ ലഹരിക്കെതിരെയുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി കൈയെഴുത്ത് മാസിക തയ്യാറാക്കൽ, സ്കൂൾ നോട്ടീസ് ബോർഡുകളിൽ ലഹരി വിരുദ്ധ സന്ദേശമടങ്ങിയ പോസ്റ്റർ തയ്യാറാക്കി പതിക്കൽ ലഹരി വിരുദ്ധ ക്ലബ്ബ് അംഗങ്ങൾക്കായി ലഹരിക്കെതിരെ ആശയമടങ്ങിയ ക്വിസ്സ് മത്സരം, ഉപന്യാസം, ഗ്രൂപ്പ് ആക്റ്റിവിറ്റി മത്സരങ്ങൾ, ലഹരി വിരുദ്ധ ക്ലബ്ബ് കൺവീനർമാർക്ക് ശിൽപ്പശാല, വിമുക്തി തീം സോംഗ് തയ്യാറാക്കി ചിത്രീകരണം നടത്തൽ, SEARC ൽ അഡ്വാൻസ്ഡ് ട്രെയിനിംഗ് സെന്റർ& ഡിജിറ്റൽ തിയേറ്റർ, വിഷ്വൽ മീഡിയാ പരസ്യങ്ങൾ, എഫ്.എം റേഡിയോ വഴിയുള്ള ലഹരി വിരുദ്ധ പരസ്യ പ്രക്ഷേപണം, പാതയോരങ്ങളിൽ വിമുക്തി ഹോർഡിംഗ്സ് സ്ഥാപിക്കൽ, ആദിവാസി- തീരദേശ മേഖലകളിൽ പ്രത്യേക ബോധവത്ക്കരണ പ്രവർത്തനം, സ്പോർട്സ് ആ ക്ടിവിറ്റികൾ, ഔട്ട് റീച്ച് ആക്ടിവിറ്റികൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ, ലൈബ്രറി കൗൺസിൽ എന്നിവ മുഖേനയുള്ള ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, കെ.എസ്.എഫ്.ഡി.സി യുടെ സഹകരണത്തോടെ ലഹരി വിരുദ്ധ സന്ദേശമുള്ള ഷോർട്ട് ഫിലിം നിർമ്മാണം, ലഹരി വിരുദ്ധ സന്ദേശമുൾക്കൊള്ളുന്ന പോസ്റ്ററുകൾ, ആൽബങ്ങൾ, പരസ്യങ്ങൾ, വീഡിയോകൾ ആനിമേഷൻ എന്നിവ തയ്യാറാക്കി പ്രചരിപ്പിക്കൽ, ഡിജിറ്റൽ മീഡിയാ കാമ്പയിൻ, മോഡൽ കൗൺസിലിംഗ് സെന്റർ സ്ഥാപിക്കൽ, എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ഡി-അഡീക്ഷൻ സെന്റർ രൂപീകരണം, അട്ടപ്പാടി ഗവൺമെന്റ് ആശുപത്രിയിൽ ഡി-അഡീക്ഷൻ സെന്റർ ആരംഭിക്കുന്നതിന്റെ ആദ്യഘട്ട പ്രവർത്തനം, എക്സൈസ് വകുപ്പിന്റെ കീഴിൽ വിമുക്തി മിഷന്റെ ഭാഗമായി ദേശീയ നിലവാരത്തിലുള്ള ഡി-അഡീക്ഷൻ സെന്റർ സ്ഥാ പിക്കുക, |

| | |
|---|---|
| | വിവിധ തലങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുക തുടങ്ങിയ പദ്ധതികളാണ് 2017-18 വർഷത്തിൽ വിമുക്തി മിഷൻ വഴി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ